DESPATCHED
On...10.03.22..

5/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 05(7)/2015/**എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **10**/എസ്.ഐ.സി-ജി 6/2015)

സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. എം.ആർ.കൃഷ്ണൻ,
ശ്രീ നിലയം, ചെനക്കൽ,
കാലിക്കറ്റ് സർവ്വകലാശാല പി.ഒ.,
മലപ്പുറം - 673 635.
} **അപ്പീൽ ഹർജിക്കാരൻ**

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
എഞ്ചിനീയറിംഗ് വിഭാഗം,
കാലിക്കറ്റ് സർവ്വകലാശാല പി.ഒ.,
മലപ്പുറം - 673 635.

2. അപ്പീൽ അധികാരി&
രജിസ്ട്രാർ, കാലിക്കറ്റ് സർവ്വകലാശാല,
കാലിക്കറ്റ് സർവ്വകലാശാല പി.ഒ.,
മലപ്പുറം - 673 635.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08.08.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 24.09.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 18.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 14.11.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 31.12.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 01.01.2015 |
| ഹിയറിംഗ് നടന്ന തീയതി | 04.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.ആർ.കൃഷ്ണൻ 31.12.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 01.01.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.05(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ അപൂർണ്ണവും തെറ്റിദ്ധരിപ്പിക്കുന്നതുമായ മറുപടിയാണ് നൽകിയതെന്നും ടിയാന് ശരിയായ മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 08.08.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) എൻ.എച്ചിന് കിഴക്കുവശം കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ മധ്യത്തിൽകൂടി പോകുന്ന University-Chenakkal റോഡിന്റെ എൻ.എച്ച്. മുതൽ ചെനക്കൽ വരെയുള്ള ക്യാമ്പസിന് കിഴക്ക് പ്രദേശത്തേയ്ക്ക് പോകുന്ന പൊതുവഴി റോഡ് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കൈവശം തന്നെയാണോയെന്നും

2) പ്രസ്തുത University-Chenakkal റോഡ് പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടോയെന്നും

3) ക്യാമ്പസിൽ കൂടി പോകുന്ന University-Chenakkal റോഡ്,പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുത്തിട്ടുണ്ടെങ്കിൽ ക്യാമ്പസിലെ പ്രധാനപ്പെട്ട Distance Educationന്റെ മുന്നിൽ കൂടി പോകുന്ന പ്രസ്തുത റോഡ് പള്ളിക്കൽ ഗ്രാമപഞ്ചായത്തിന് വിട്ടുകൊടുക്കാൻ ഉള്ള സാഹചര്യം വിശദമാക്കണമെന്നും തുടങ്ങി 31 ഇനങ്ങളിലും ചില ഉപയിനങ്ങളിലുമായുള്ള വിവരങ്ങളാണ്.

ആയതിന് 24.09.2014ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 18.10.2014ന് സമർപ്പിച്ച ഒന്നാം അപ്പീലിന് 14.11.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ അപ്പീൽ ഹർജി പരിശോധിക്കുകയും എതിർകക്ഷിയുടെ വിശദീകരണം ആരായുകയും ചെയ്തതിൽ അപ്പീൽ ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ സമർപ്പിച്ചിരുന്നത് 31 ചോദ്യങ്ങളടങ്ങിയ ഒരു വൻ ചോദ്യാവലിയാണെന്നും ആയതിന് എതിർകക്ഷി നൽകിയ മറുപടിയും അപ്പീലിന്മേൽ എതിർകക്ഷിയുടെ വിശദീകരണവും വിശദമായി പരിശോധിച്ചതിൽ എതിർകക്ഷി എന്തെങ്കിലും തെറ്റായ വിവരങ്ങൾ നൽകിയെന്നോ വിവരങ്ങൾ മറച്ചുവച്ചുവെന്നോ അപ്പീൽ അധികാരിയ്ക്ക് ബോധ്യപ്പെട്ടിട്ടില്ലെന്നും ഹർജിക്കാരൻ ആവശ്യപ്പെട്ട ചോദ്യങ്ങൾക്കെല്ലാം എതിർകക്ഷി മറുപടി നൽകിയിട്ടുണ്ടെന്നും ഇതിനെതിരെ ടിയാൻ ഉന്നയിച്ച വാദങ്ങൾ നിലനിൽക്കുന്നതല്ലെന്നും ലഭ്യമായ വിവരങ്ങൾ മാത്രമേ വിവരാവകാശ നിയമപ്രകാരം നൽകാനാവൂ എന്നും ആയതിൽ എതിർകക്ഷി യാതൊരു വീഴ്ചയും വരുത്തിയിട്ടില്ലെന്നും ആയതിനാൽ എതിർകക്ഷിയുടെ നടപടി ശരിവച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയെന്നുമാണ്.

4. 05.02.2015ന് രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 31 ചോദ്യങ്ങളും പുറമേ രേഖകളും വിശദീകരണങ്ങളും ആവശ്യപ്പെട്ടുകൊണ്ടുള്ള 9 പേജ് ദൈർഘ്യമുള്ള ഒരു വൻ ചോദ്യാവലിയാണ് ഹർജിക്കാരൻ എസ്.പി.ഐ.ഒ. മുമ്പാകെ സമർപ്പിച്ചതെന്നും എങ്കിലും എസ്.പി.ഐ.ഒ. തന്റെ പക്കലുള്ള രേഖകളുടെയും തന്റെ അറിവിന്റേയും ബോധ്യത്തിന്റെയും അടിസ്ഥാനത്തിൽ 31 ചോദ്യങ്ങൾക്കും മറുപടി യഥാസമയം നൽകിയെന്നും രേഖകൾ പ്രകാരം ബോധ്യമായെങ്കിലും ഒന്നാം അപ്പീൽ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്.പി.ഐ.ഒയോട് നേരിട്ട് പ്രസ്തുത മറുപടികളുടെ ആധികാരിത സംബന്ധിച്ച് വിവരം ആരാഞ്ഞതിൽ സർവ്വകലാശാലയിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലും പള്ളിക്കൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ 2.50 കിമീ.ദൈർഘ്യമുള്ള യൂണിവേഴ്സിറ്റി-ചെനക്കൽ സലാമത്ത് റോഡ് എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് നേരിട്ട് കണ്ട് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമാണ് ടിയാന് മറുപടി നൽകിയതെന്നും ആയതിൽ യാതൊരുവിധ

കൃത്രിമവും കാണിച്ചിട്ടില്ലെന്നും എസ്.പി.ഐ.ഒ. സാക്ഷ്യപ്പെടുത്തിയത് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഒന്നാം അപ്പീലിൽ പ്രത്യേകിച്ച് നിവൃത്തികളൊന്നും നൽകാതെ അപ്പീൽ തീർപ്പാക്കിയതെന്നാണ്. കൂടാതെ ഹർജിക്കാരൻ സാങ്കൽപ്പികമായാണ് ഒട്ടേറെ ചോദ്യങ്ങൾ ഉന്നയിച്ചിരിക്കുന്ന തെന്നും സർവ്വകലാശാലയ്ക്കു വേണ്ടി ഏറ്റെടുത്ത ഭൂമിയിൽ ഉൾപ്പെട്ടതാണ് പ്രസ്തുത റോഡ് എന്നതിനാൽ സാങ്കേതികമായി ടി സ്ഥലം സർവ്വ കലാശാലയുടെ കൈവശമാണെന്നും എന്നാൽ സർവ്വകലാശാല വരുന്ന തിനു മുമ്പേയുള്ള ഒരു പൊതുവഴിയെന്ന നിലയിലും സർവ്വകലാശാല കാമ്പസിലൂടെ കുറഞ്ഞ ദൂരം (300 മീറ്ററോളം) മാത്രം കടന്ന് ദേശീയപാത യിൽ ചേരുന്ന പൊതുജനങ്ങൾ ഉപയോഗിക്കുന്ന ദൈർഘ്യമേറിയ റോഡ് എന്നതിനാലും സർവ്വകലാശാലയല്ല പ്രസ്തുത റോഡിന്റെ അറ്റകുറ്റപ്പണി കൾ ചെയ്യാറുള്ളതെന്നും സർവ്വകലാശാലയുടെ അനുമതി ടി റോഡ് നന്നാ ക്കുന്നതിന് ഇതര സർക്കാർ ഏജൻസികൾ തേടാറുമില്ലെന്നും റോഡ് നന്നാ ക്കുന്നതിനെ സർവ്വകലാശാല തടസ്സപ്പെടുത്താറുമില്ലെന്നും റോഡ് ഉൾപ്പെട്ട സ്ഥലം സർവ്വകലാശാല ആർക്കും വിട്ടുകൊടുത്തിട്ടില്ലാത്തതിനാൽതന്നെ ഹർജിക്കാരന്റെ ടി വിഷയം സംബന്ധിച്ച രേഖകൾക്കുള്ള ആവശ്യം അപ്ര സക്തമാണെന്നാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജി ക്കാരന്റെ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. നൽകിയ മറുപടി പൂർണ്ണമായും തെറ്റും വസ്തുതകൾക്ക് നിരക്കാത്തതും സത്യവിരുദ്ധവുമാണെന്നും തുടർന്ന് നൽകിയ അപ്പീലിനും അപ്പീൽ അധികാരി സത്യസന്ധമായ മറുപടി നൽകിയില്ലെന്നുമാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്ന യിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ 05.02.2015ന് അപ്പീൽ അധികാരി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരന് അയച്ചുകൊടുക്കണമെന്നും പ്രസ്തുത വിവരം രേഖ പ്പെടുത്തിയ റിപ്പോർട്ട് കമ്മീഷനിൽ സമർപ്പിക്കണമെന്നും ഒന്നാം എതിർക ക്ഷിയ്ക്ക് കമ്മീഷൻ നിർദ്ദേശം നൽകുന്നു.

6. മേൽ നിർദ്ദേശപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 മാർച്ച് 05–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/